ഏസി.എച്ച്/2020.
15.09.2020.

## പത്രക്കുറിപ്പ്

## ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം 2020 ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു.

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ, എയ്ഡഡ്, സ്വാശ്രയ കോളേജുകൾ / സെന്ററുകൾ എന്നിവിടങ്ങളിലെ 2020-21 അദ്ധ്യയന വർഷത്തെ ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനത്തിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു (**http://admissions.keralauniversity.ac.in**).

എല്ലാ കോളേജുകളിലേയും മെറിറ്റ് സീറ്റുകളിലേക്കും എസ്.സി/എസ്.ടി/ എസ്.ഇ.ബി.സി സംവരണ സീറ്റുകളിലേക്കും ഏകജാലക സംവിധാനം വഴിയായിരിക്കും അലോട്ട്മെന്റ്. കേരള സർവ്വകലാശാലയുടെ കീഴിൽ ബിരുദാനന്തര ബിരുദ പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും ഏകജാലക സംവിധാനം വഴി അപേക്ഷ സമർപ്പിച്ചിരിക്കണം.

കമ്മ്യൂണിറ്റി ക്വാട്ട, സ്പോർട്ട്സ് ക്വാട്ട പ്രവേശനത്തിനായുള്ള രജിസ്ട്രേഷൻ ഓൺലൈനായി നടത്തുന്നതാണ്. കോളേജുകളിൽ അപേക്ഷ സമർപ്പിക്കേണ്ടതില്ല.

### സ്പോർട്ട്സ് ക്വാട്ട

സ്പോർട്ട്സ് ക്വാട്ടയിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷയിലെ സ്പോർട്ട്സ് കോളത്തിന് നേരെ 'യെസ് ' എന്ന് രേഖപ്പെടുത്തണം. സ്പോർട്ട്സ് ഇനം, ഏതു തലത്തിലെ നേട്ടമാണ് എന്നിവ സെലക്ട് ചെയ്തിരിക്കണം. സ്പോർട്ട്സ് നേട്ടങ്ങളുടെ സർട്ടിഫിക്കറ്റുകൾ സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷനിൽ നൽകിയിട്ടുള്ള കോളേജുകളും ഓപ്ഷനുകളും മാത്രമേ പരിഗണിക്കുകയുള്ളു. സ്പോർട്സ് ക്വാട്ട പ്രവേശനം ആഗ്രഹിക്കുന്ന, സ്പോർട്സ് സർട്ടിഫിക്കറ്റുകൾ സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്ത എല്ലാ വിദ്യാർത്ഥികളും വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത പ്രൊഫോർമയുടെ പകർപ്പ് അപേക്ഷയിൽ ഓപ്ഷൻ നൽകിയിട്ടുള്ള കോളേജുകളിൽ (പ്രവേശനത്തിന് താൽപര്യമുള്ള കോളേജുകളിൽ മാത്രം) രജിസ്ട്രേഷൻ അവസാനിക്കുന്ന തീയതിക്കുള്ളിൽ നേരിട്ടോ ഇ-മെയിൽ ആയോ സമർപ്പിക്കേണ്ടതാണ്. ഒരു കോളേജിലെ ഒന്നിലധികം കോഴ്സുകളിലേയ്ക്കുള്ള സ്പോർട്സ് ക്വാട്ട സീറ്റിലേയ്ക്ക് അപേക്ഷിച്ചിട്ടുണ്ടെങ്കിലും അവയിലേയ്ക്കെല്ലാം പരിഗണിക്കുന്നതിനായി ഒരു കോളേജുകളിൽ ഒരു പ്രൊഫോർമ സമർപ്പിച്ചാൽ മതി.

### കമ്മ്യൂണിറ്റി ക്വാട്ട

എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേയ്ക്ക് ബന്ധപ്പെട്ട സമുദായത്തിലെ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. മെറിറ്റ് അടിസ്ഥാനത്തിൽ റാങ്ക് പട്ടിക തയ്യാറാക്കുന്നതാണ്. ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കിയവർക്ക് ലോഗിൻ ചെയ്ത ശേഷം താൽപര്യമുള്ള വിഷയങ്ങൾ / കോളേജുകൾ പ്രത്യേക ഓപ്ഷനായി നൽകാവുന്നതാണ്. ഓപ്ഷനുകൾ നൽകിയതിന് ശേഷം സേവ് ചെയ്ത് അതിന്റെ പ്രിന്റൗട്ടെടുത്ത് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കുക. പ്രിന്റൗട്ടിന്റെ പകർപ്പ് കോളേജുകളിലൊ സർവകലാശാലയിലൊ സമർപ്പിക്കേണ്ടതില്ല. കമ്മ്യൂണിറ്റി ക്വാട്ടക്കു മാത്രമായി പുതിയ രജിസ്ട്രേഷൻ അനുവദിക്കുന്നതല്ല. നില

വിൽ രജിസ്ട്രേഷനുള്ളവർക്ക് മാത്രം അപേക്ഷ സമർപ്പിക്കാം. നിശ്ചിത സമയം കഴിഞ്ഞ് രജിസ്ട്രേഷൻ നടത്താൻ കഴിയുന്നതല്ല.

**പ്രത്യേക ശ്രദ്ധയ്ക്ക്**

**ഏകജാലക സംവിധാനത്തിലുള്ള എല്ലാ ഫീസുകളും ഓൺലൈൻ വഴി മാത്രം അടയ്ക്കേണ്ടതാണ്. ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക് എന്നിവ സ്വീകരിക്കുന്നതല്ല.**

സംശയനിവാരണത്തിന് എല്ലാ പ്രവർത്തി ദിവസങ്ങളിലും 8281883052, 8281883053 എന്നീ ഹെൽപ്പ്ലൈൻ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്. ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് സർവകലാശാല ആസ്ഥാനത്തേയ്ക്ക് അയയ്ക്കേണ്ടതില്ല. ആയത് പ്രവേശന സമയത്ത് അതത് കോളേജുകളിൽ ഹാജരാക്കിയാൽ മതിയാകും.

പ്രോസ്പെക്ടസ് വായിച്ചതിന് ശേഷം മാത്രം ഓൺലൈൻ രജിസ്ട്രേഷൻ നടത്തുക. കൂടുതൽ വിവരങ്ങൾക്ക് **https://admissions.keralauniversity.ac.in** എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

Sd/-

**രജിസ്ട്രാർ**

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)